# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 11.03.2023 മുതൽ 15.03.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 10/2023,(20) വെള്ളിയാഴ്ച | തീയ്യതി 10/03/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 11.03.2023 | 12.03.2023 | 13.03.2023 | 14.03.2023 | 15.03.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 14 | 14 | 14 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 270 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 4 | 3 | 3 | 4 |

കാലാവസ്ഥാ അറിയിപ്പ്: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: വേനൽച്ചൂടിൽനിന്ന് മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് - പുഞ്ച | ബ്ലാസ്റ്റ് | 4ഗ്രാം നേറ്റിവോ (ട്രിഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ) മിശ്രിതം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| ചീര | ഇലപ്പുള്ളിയും ഇലകരിച്ചിലും | ചുവന്ന ചീരയും പച്ചച്ചീരയും ഇടകലർത്തി നടുക, ട്രൈക്കോഡെർമ്മ അല്ലെങ്കിൽ സ്യൂഡോമോണാസ് ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക, വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക, രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണസ് 20 ഗ്രാം + പച്ച ചാണകം 20 ഗ്രാം കലക്കി അതിൻറ്റെ തെളി എടുത്തു തളിക്കുക, 1 ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7-8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക. |
| ഇഞ്ചി | പരിപാലനം | ഫെബ്രുവരി-മാർച്ച് മാസമാകുമ്പോൾ കൃഷി സ്ഥലം കിളച്ച് - ഉഴുതു വൃത്തിയാക്കി കുമ്മായം ഇടുക. ആവശ്യാനുസരണം നീളത്തിൽ ഒരു മീറ്റർ വീതിയിൽ 25 സെ.മീ. ഉയരത്തിൽ ബെഡുകൾ എടുക്കുക. ബെഡുകൾ തമ്മിൽ 40 സെ.മീ. അകലം കൊടുക്കുക. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകളും എടുക്കുക. ജലസേചിത വിളയ്ക്ക് ഏറ്റവും നല്ല നടീൽ സമയം ഫെബ്രുവരി പകുതിയോടെയാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിയാണെങ്കിൽ ഏപ്രിൽ ആദ്യ രണ്ടു ആഴ്ചകളാണ് നടീലിനു ഉത്തമം. |

മത്സ്യകൃഷി -പരിപാലനം -വീട്ടമ്മമാർക്ക് ചെറിയ തോതിലുള്ള വരുമാന മാർഗമാണ് അലങ്കാര മത്സ്യ കൃഷി. കാലിയായ അക്വാറിയം, ടാങ്ക് ഫ്രിഡ്ജ് ബോക്സ്, ടാർപോളിൻ ഷീറ്റ്, കോൺക്രീറ്റ് ടാങ്ക് എന്നിവ ഉപയോഗിച്ച് കുളം നിർമ്മിക്കാം.